## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*245

07/11/2019 ൽ മറുപടിക്ക്

## റീസർവ്വെയിലെ ക്രമക്കേടുകൾ

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**
**,, ടി.എ.അഹമ്മദ് കബീർ**
**,, പി.കെ.അബ്ദു റബ്ബ്**
**,, എൻ. ഷംസുദ്ദീൻ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റീസർവ്വെ നടപടികളുടെ ഭാഗമായി റവന്യൂ റിക്കാർഡുകളിൽ വ്യാപകമായ ക്രമക്കേടുകൾ വരുത്തിയതുമൂലം ഭൂവുടമകൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26/08/2017 ലെ സ.ഉ.(എം.എസ്.)303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം, റീസർവ്വെ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതും, ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവഹിച്ചു വരുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതും, റിക്കാർഡുകളുടെ നാളതീകരണവും അതാത് താലൂക്ക് മുഖാന്തിരമാണ് നിർവഹിച്ചുവരുന്നത്. ബോധപൂർവ്വമായ ക്രമക്കേടുകൾ വരുത്തുന്ന ജീവനക്കാർക്കെതിരെ നിയമം അനുശാസിക്കുന്ന വിധം ശക്തമായ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എൽ.ആർ.എം. ജോലികൾക്കായി താലൂക്കിൽ ലാവണമുള്ള സർവ്വെ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വെ ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പിലേയ്ക്ക് വിട്ടുനൽകിയിട്ടുമുണ്ട്. |
| (ബി) | വസ്തു ഉടമയുടെ പേര് മാറ്റിച്ചേർക്കുക, ഇനം വ്യത്യാസപ്പെടുത്തി രേഖപ്പെടുത്തുക, വിസ്തീർണ്ണം തെറ്റിച്ചെഴുതുക തുടങ്ങി രേഖകളിൽ വരുത്തിയ ക്രമക്കേടുകൾ തിരുത്തിക്കിട്ടാനായി നിരവധിപേർ ഇപ്പോഴും റവന്യൂ ഓഫീസുകൾ കയറിയിറങ്ങുന്ന കാര്യം അറിയാമോ; | (ബി) | വസ്തു ഉടമയുടെ പേര്, ഇനം, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച അപാകതകൾ ഉൾപ്പെടെ തിരുത്തുന്നതിലേക്കായി നൽകിയ നിരവധി അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിലേക്കായി അതാത് താലൂക്ക് സർവ്വെ വിഭാഗത്തിൽ സർവ്വേ വകുപ്പിൽ നിന്നും കൂടുതൽ ജീവനക്കാരെ വിട്ടുനൽകിയിട്ടുണ്ട്. കൂടാതെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ ഭൂരേഖ തഹസിൽദാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | വസ്തു ഉടമകളുടെ ദുരിതം അവസാനിപ്പിക്കുന്നതിനും മനഃപൂർവ്വം ക്രമക്കേട് വരുത്തി അനാവശ്യ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാവുമോ? | (സി) | വസ്തു ഉടമകളുടെ ദുരിതം അവസാനിപ്പിക്കുന്നതിന് റീസർവ്വെ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികൾ അതാത് താലൂക്ക് ഭൂരേഖ തഹസീൽദാർ മുഖേന നിർവഹിച്ചുവരുന്നു. മന:പൂർവ്വം ക്രമക്കേട് വരുത്തി അനാവശ്യ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയതായി കണ്ടെത്തിയ സർവ്വെ ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ചവിവരം ശ്രദ്ധയിൽപ്പെട്ടാലുടൻ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനുമായി സർവ്വേ വകുപ്പിൽ സർവ്വെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ